ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ട്രോളിംഗ് നിരോധനം ലംഘിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുവാൻ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം കടലിൽ റോന്തുചുറ്റി ജാഗ്രത പാലിക്കുന്നുണ്ട്. ട്രോളിംഗ് നിരോധനം ഫലപ്രദമാക്കാൻ സമുദ്രാതിർത്തിയുള്ള എല്ലാ ജില്ലകളിലേയും കളക്ടർമാർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഫിഷറീസ് വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥന്മാർ, പോലീസ്, കോസ്റ്റ് ഗാർഡ്, നേവി എന്നിവരുടെ സംയുക്ത പരിശ്രമവും നടത്തുന്നുണ്ട്.

(ബി) ബോട്ടം ട്രോളിംഗ് നടത്തുന്ന എല്ലാ വിഭാഗം ബോട്ടുകൾക്കും വലകൾക്കുമാണ് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) ഇല്ല.

(ഡി) നിരോധിത മേഖലയിൽ കടൽ പെട്രോളിംഗ് കാര്യക്ഷമമായി നടത്തി വിദേശ മത്സ്യബന്ധന ബോട്ടുകൾ നിരോധിത മേഖലയിൽ പ്രവേശിക്കാതിരിക്കാനായി ജാഗ്രത പുലർത്തുന്നു.

വീടും തൊഴിലും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള സഹായങ്ങൾ

*29 [59] ശ്രീ. മത്തായി ചാക്കോ:
" കെ. വി. കുഞ്ഞിരാമൻ:
" സാജു പോൾ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ പ്രകൃതിക്ഷോഭങ്ങളാലും മറ്റു കാരണങ്ങളാലും മത്സ്യത്തൊഴിലാളികൾക്ക് വീടും തൊഴിലും നഷ്ടപ്പെട്ടിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വീടും തൊഴിലും നഷ്ടപ്പെട്ട് പട്ടിണിയിലായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച സഹായങ്ങൾ എല്ലാം ലഭ്യമാക്കിയിട്ടുണ്ടോ;

(സി) ഇവർക്ക് സൗജന്യ റേഷൻ നൽകുകയുണ്ടായോ;

(ഡി) പട്ടിണിയിലും പകർച്ചവ്യാധിയിലും പെട്ട കുടുംബങ്ങൾ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) പട്ടിണിയിൽ കഴിയുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് എത്രയും പെട്ടെന്ന് ആശ്വാസമെത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഉണ്ട്.

(ബി) ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സൗജന്യ റേഷൻ നൽകി.

(ഡി) പട്ടിണിയും പകർച്ചവ്യാധിയും പിടിപെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഇ) ആശ്വാസം എത്തിക്കുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്.

കൊടുംവരൾച്ചയും കുടിവെള്ളക്ഷാമവും പരിഹരിക്കുന്നതിന് നടപ്പാക്കിയ പദ്ധതികൾ

*30 [60] ശ്രീ. സ്റ്റീഫൻ ജോർജ്:

„ തോമസ് ഉണ്ണിയാടൻ:

„ ജോസഫ് എം. പുതുശ്ശേരി:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനത്തുണ്ടായ കൊടും വരൾച്ചയും തുടർന്നുണ്ടായ കുടിവെള്ളക്ഷാമവും പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കിയതെന്ന് വിശദമാക്കാമോ;

(ബി) ജനങ്ങൾക്ക് ഇത് എത്രമാത്രം പ്രയോജനപ്രദമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എത്ര തുക സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) സംസ്ഥാനത്ത് ഈ വർഷം കൊടുംവരൾച്ചയെ തുടർന്നുണ്ടായ കുടിവെള്ള ക്ഷാമം പരിഹരിക്കാനായി റവന്യൂ വകുപ്പ് ഭരണാനുമതി നൽകിയ കുടിവെള്ള പദ്ധതികൾ കേരള വാട്ടർ അതോറിറ്റി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ഭൂജലവകുപ്പ് വരൾച്ചാ ദുരിതാശ്വാസ പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 770 ബോർവെല്ലുകളും 3 ട്യൂബ് വെല്ലുകളും നിർമ്മിക്കുകയുണ്ടായി. 2729 ഹാൻഡ് പമ്പുകളുടെ അറ്റകുറ്റപ്പണികൾ തീർത്ത് പ്രവർത്തനക്ഷമമാക്കി. നിലവിലുള്ള കിണറുകളുടെയും കുളങ്ങളുടെയും അറ്റകുറ്റ പണികളും പരുനരുദ്ധാരണവും, പുതിയ കിണർകുഴിക്കൽ, ചെറിയ ചെക്ക് ഡാമുകളുടെ നിർമ്മാണം (തടയണ), വിതരണം ചെയ്ത കുടിവെള്ളം ശേഖരിച്ചുവയ്ക്കാനുള്ള സംവിധാനങ്ങൾ, ടാങ്കുകളുടെ നിർമ്മാണം, നിലവിലുള്ള ജലവിതരണ പൈപ്പ്ലൈനുകളുടെ നീട്ടൽ എന്നിവ നടപ്പിലാക്കാൻ ജില്ലാകളക്ടർമാർക്കുവേണ്ട നിർദ്ദേശം നൽകുകയും, ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുകയും, അവയ്ക്ക് ദുരിതാശ്വാസ നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുവാനുള്ള പൂർണ്ണ അധികാരം നൽകുകയും ചെയ്തു. കൂടാതെ ജില്ലാകളക്ടർമാർ ചെയർമാൻമാരായും, ബന്ധപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly